<u>ഭരണഭാഷ – മാതൃഭാഷ</u>

ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
സിവിൽ സ്റ്റേഷൻ, കോഴിക്കോട് - 673020
ഫോൺ : 0495 - 2371916, 2371799
ഇ-മെയിൽ: jdlsgdkzd@gmail.com

LSGD/JD/KKD/638/2025-E3 തീയതി: 04-10-2025

**ജില്ലാ ജോയിന്റ് ഡയറക്ടർ,**
**തദ്ദേശ സ്വയംഭരണ വകുപ്പ്,**
**കോഴിക്കോട്.**

എല്ലാ തദ്ദേശ സ്വയംഭരണ സെക്രട്ടറിമാർക്കും

സർ,

വിഷയം: തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ല - -മലയാളം കമ്പ്യൂട്ടിംഗ്- പൂർണ്ണ കീബോർഡ് ഉപയോഗിക്കുന്നത് സംബന്ധിച്ച്

സൂചന: ബഹു . പ്രിൻസിപ്പൽ ഡയറക്ടറുടെ LSGD/PD/23615/2025-DPLB2 തിയ്യതി 17/09/2025 നമ്പർ കത്ത്

മേൽ വിഷയത്തിലേക്കും സൂചനകളിലേക്കും ശ്രദ്ധ ക്ഷണിക്കുന്നു മലയാളത്തിൽ തെറ്റുകളും പിഴവുകളും കൂടാതെ ടൈപ്പ് ചെയ്യുന്നതിനു പര്യാപ്തമായി വികസിപ്പിച്ചെടുത്ത പൂർണ്ണ കീബോർഡ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പരിധിയിലുള്ള മറ്റു ഓഫീസുകളിലും പ്രചരിപ്പിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കണമെന്നു അപേക്ഷിച്ചു കൊണ്ട് പനങ്ങാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ.ജയ്സെൻ എൻ.ഡി അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്. ടി അപേക്ഷ പരിശോധിച്ചതിൽ സ്വതന്ത്ര മലയാളം കംപ്യൂട്ടിംഗ് എന്ന സ്ഥാപനം വിവിധ സ്വതന്ത്ര സോഫ്റ്റ്‌വെയറുകളുടെ മലയാള ഭാഷയിലുള്ള പുരോഗതിക്കും. പ്രാദേശികവത്കരണത്തിനും ഏകീകരണത്തിനും പ്രചരണത്തിനും വേണ്ടി പ്രവർത്തിയ്ക്കുന്ന സന്നദ്ധ പ്രവർത്തകരുടെ കൂട്ടായ്മയാണ് . മലയാള ഭാഷയിലുള്ള ടൈപ്പിംഗ് സുഗമമാക്കാൻ ടി കൂട്ടായ്മ തയ്യാറാക്കിയ സൌജന്യമായി ലഭിക്കുന്ന പൂർണ്ണ കീ-ബോർഡ് ടൂൾ നിലവിൽ ഐ.ടി.@സ്കൂൾ തുടങ്ങിയ ഏജൻസികൾ ഫലപ്രദമായി ഉപയോഗിച്ചു വരുന്നുണ്ട്. സർക്കാർ നിർദ്ദേശ പ്രകാരം ഉള്ള ഫോണ്ടുകൾ ഉപയോഗിച്ച് പൂർണ്ണ കീബോർഡ് (https://poorna.smc.org.in) എല്ലാ ജീവനക്കാർക്കും ആവശ്യമെങ്കിൽ സൌജന്യമായി ഉപയോഗിക്കാനാകും എന്ന്

നിർദ്ദേശിക്കുന്നു .

വിശ്വസ്തതയോടെ,

Signed by
Sarun K
Date: 04-10-2025 15:36:53

ജോയിൻറ് ഡയറക്ടർക്കു
വേണ്ടി
ASSISTANT DIRECTOR
തദ്ദേശ സ്വയംഭരണ വകുപ്പ്
കോഴിക്കോട്

ഉള്ളടക്കം സൂചന കത്ത്
: